# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 237 — 17.08.2017 -ൽ മറുപടിക്ക്

## ഒ.ഡി.ഇ.പി.സി. ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ്<br>,, റോഷി അഗസ്റ്റിൻ<br>,, പി.ജെ.ജോസഫ് | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |
| (എ) വിദേശരാജ്യങ്ങളിൽ ജോലിക്ക് ശ്രമിക്കുന്ന ഉദ്യോഗാർത്ഥികളെ വഞ്ചിക്കുന്ന റിക്രൂട്ട്മെന്റ് ഏജൻസികൾ സംസ്ഥാനത്ത് ഇപ്പോഴും പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (എ) ഉണ്ട്. ഇത്തരം ഏജൻസികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ ടി ഏജൻസികൾക്കെതിരെ നിയമ നടപടി സ്വീകരിക്കാറുണ്ട്. ഇതു സംബന്ധിച്ച് പരാതികൾ കൈകാര്യം ചെയ്യുന്നതിനും, പരിശോധിക്കുന്നതിനും, നടപടികൾ സ്വീകരിക്കുന്നതിനും വേണ്ടി ഇന്ത്യാ ഗവൺമെന്റിന്റെ വിദേശകാര്യ വകുപ്പിന് കീഴിലുള്ള പ്രൊട്ടക്ടർ ഓഫ് ഇമിഗ്രന്റ്സിനാണ് ചുമതലയുള്ളത്. |

(ബി) അത്തരം തട്ടിപ്പ് ഒഴിവാക്കാനായി ഒ.ഡി.ഇ.പി.സി. ശക്തിപ്പെടുത്തി കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) സ്വീകരിച്ചിട്ടുണ്ട്. ഒഡെപെക് മുഖേന വിദേശ രാജ്യങ്ങളിലേക്ക് നടത്തുന്ന റിക്രൂട്ട്മെന്റുകൾ കുറ്റമറ്റതാക്കുന്നതിന്റെ ഭാഗമായി ഒഡെപെകിന്റെ ജോബ് പോർട്ടൽ വികസിപ്പിക്കുന്നതിനായി ഗവൺമെന്റ് സ്ഥാപനമായ കെൽട്രോണുമായുള്ള ചർച്ചകൾ പുരോഗമിച്ചു വരുന്നു. തൊഴിലന്വേഷകരുടെ രജിസ്ട്രേഷൻ മുതൽ അവരുടെ ഇന്റർവ്യൂ അറ്റസ്റ്റേഷൻ, വിസ സ്റ്റാമ്പിംഗ്, എമിഗ്രേഷൻ ക്ലിയറൻസ്, എന്നിങ്ങനെ തെരഞ്ഞെടുക്കപ്പെട്ട വ്യക്തി വിദേശത്ത് തൊഴിലിൽ പ്രവേശിക്കുന്നതു വരെയുള്ള എല്ലാ നടപടികളും രേഖപ്പെടുത്തുന്നതിനും, ആവശ്യമായ എല്ലാ വിവരങ്ങളും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തിയുള്ളതാവും പുതിയ ജോബ് പോർട്ടൽ. ഇതു കൂടാതെ തൊഴിൽ ദാതാവിന്റെ വിവരങ്ങളും കൂടി രേഖപ്പെടുത്താനുള്ള സൗകര്യം ജോബ് പോർട്ടലിൽ ഉൾപ്പെടുത്തുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒ.ഡി.ഇ.പി.സി: വഴി വിദേശത്ത് ജോലി ലഭിച്ചിട്ടുള്ളവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ?

(സി) വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷം ഒ.ഡി.ഇ.പി.സി വഴി വിദേശത്ത് തൊഴിൽ നേടിയിട്ടുള്ളവരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

**TABLE II**

**Category-wise Deployment of Personnel by ODEPC (2011-2012 to 2016-2017) till 31.07.2017**

| Sl.No. | Category | YEAR | | | | | | | TOTAL |
|---|---|---|---|---|---|---|---|---|---|
| | | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 (till 31.07.2017 | |
| 1 | Doctors | 13 | 4 | 4 | 5 | 3 | 0 | 0 | 29 |
| 2 | Staff Nurses | 131 | 140 | 149 | 152 | 333 | 616 | 67 | 1588 |
| 3 | Engineers | 7 | 2 | 0 | 0 | 2 | 0 | 0 | 11 |
| 4 | Technicians | 36 | 8 | 0 | 1 | 0 | 21 | 7 | 73 |
| 5 | Nursing Lecturers | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 6 | Catering Staff | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 7 | Admin. Staff | 2 | 1 | 0 | 0 | 0 | 0 | 0 | 3 |
| 8 | Foreman | 0 | 2 | 0 | 0 | 0 | 0 | 0 | 2 |
| 9 | Sales Executive | 5 | 0 | 1 | 0 | 0 | 13 | 0 | 19 |
| 10 | Chartered Account | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 11 | Supervisors | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 12 | Skilled | 0 | 0 | 1 | 0 | 0 | 0 | 0 | 1 |
| 13 | Unskilled | 0 | 0 | 0 | 0 | 0 | 0 | 4 | 4 |
| 14 | Store-in-charge | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 15 | Driver | 2 | 5 | 0 | 0 | 2 | 0 | 0 | 9 |
| 16 | Para medical staff | 2 | 0 | 13 | 0 | 0 | 0 | 0 | 15 |
| 17 | Milkers | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 18 | Workers | 8 | 1 | 0 | 0 | 0 | 0 | 0 | 9 |
| 19 | Safety Officer | 0 | 1 | 0 | 0 | 0 | 0 | 0 | 1 |
| 20 | Teachers | 12 | 0 | 16 | 4 | 0 | 0 | 0 | 32 |
| 21 | Security staff | 1 | 14 | 0 | 0 | 0 | 0 | 0 | 15 |
| 22 | Business Rep. | 1 | 0 | 0 | 0 | 0 | 0 | 0 | 1 |
| 23 | Managers | 1 | 0 | 0 | 1 | 0 | 0 | 0 | 2 |
| 24 | Van Salesman | 0 | 2 | 0 | 0 | 0 | 0 | 0 | 2 |
| 25 | Merchandiser | 0 | 1 | 0 | 0 | 0 | 0 | 0 | 1 |
| | | 221 | 181 | 184 | 163 | 340 | 650 | 78 | 1817 |

സെക്ഷൻ ഓഫീസർ